I.ഇ.ബി.XIകേരള നിയമസഭ/IV17

# പതിനൊന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2002 ജൂലായ് 10, ബുധൻ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തിര പ്രമേയം

കോട്ടയം പള്ളിക്കത്തോട് ഐ.ടി.ഐ വിദ്യാർത്ഥികൾക്ക് നേരെ നടന്നതായി പറയപ്പെടുന്ന ലാത്തിച്ചാർജ്

മി. സ്പീക്കർ: ഇന്നലെ കോട്ടയം പള്ളിക്കത്തോട് ഗവൺമെന്റ് ഐ.ടി.ഐ വിദ്യാർത്ഥികളെ പോലീസ് ക്ലാസ് മുറികളിൽ കയറി ലാത്തിച്ചാർജ് നടത്തുകയും പഠനോപകരണങ്ങളും ലബോറട്ടറിയും നശിപ്പിക്കുകയും ഗുരുതരമായ പരിക്കുകളോടെ നിരവധി വിദ്യാർത്ഥികളെ കോട്ടയം ജില്ലാശുപത്രിയിലും പാമ്പാടി താലൂക്കാശുപത്രിയിലുമാക്കിയിരിക്കുന്നു. എൻ.സി.വി.ടി. യുടെ അംഗീകാരമില്ലാത്ത കോഴ്സുകൾ നടത്തി വഞ്ചിക്കപ്പെട്ടതിൽ പ്രതിഷേധിച്ച് സമരത്തിലായ ഒന്നടങ്കം വിദ്യാർത്ഥികൾക്ക് നേരെ പോലീസ് നടത്തിയതായി പറയപ്പെടുന്ന നിഷ്ഠൂരമായ ലാത്തിച്ചാർജ്ജിനെ ത്തുടർന്ന് സംജാതമായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് റൂൾ 50 അനുസരിച്ച് സർവ്വശ്രീ എം.വി. ജയരാജൻ,

എ.എ. അസീസ്, സി.കെ. നാണു, പി.സി. ജോർജ്, പി.എസ്. സുപാൽ, എ.സി. ഷൺമുഖദാസ്, വി.സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നല്കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): കോട്ടയം പള്ളിക്കത്തോട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ആനിക്കാട് പ്രവർത്തിക്കുന്ന പി.ടി. ചാക്കോ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ–യിലെ വിദ്യാർത്ഥികൾ ഐ.ടി..ഐ. കോഴ്സുകൾക്ക് എൻ.സി.വി.ടി. സർട്ടിഫിക്കറ്റ് നല്കണമെന്നാവശ്യപ്പെട്ട് സമരത്തിലാണ്. അതിന്റെ ഭാഗമായി 9–7–2002 രാവിലെ 10 മണി മുതൽ ഐ.ടി.ഐ. പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, ഇൻസ്ട്രക്ടർ ട്രെയിനി, ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്നിവരെ പ്രിൻസിപ്പലിന്റെ മുറിയിൽ തടഞ്ഞുവച്ച് വാതിൽ കുറ്റിയിടുകയുമുണ്ടായി. വിവരമറിഞ്ഞ് കാഞ്ഞിരപ്പള്ളി ഡിവൈ.എസ്.പി.–യുടെ നേതൃത്വത്തിൽ പോലീസ് പാർട്ടി സംഭവ സ്ഥലത്തെത്തി. പോലീസിനെ കണ്ട കുറെ വിദ്യാർത്ഥികൾ ഭയന്നോടി. പ്രിൻസിപ്പൽ ഇൻ ചാർജ്ജിനേയും മറ്റും തടഞ്ഞുവച്ച ആറ് വിദ്യാർത്ഥികളെ അറസ്റ്റ് ചെയ്തശേഷം മുറിയിൽ തടഞ്ഞുവച്ചിരുന്നവരെ മോചിപ്പിച്ചു. ഈ സംഭവത്തെത്തുടർന്ന് പള്ളിക്കത്തോട് പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പോലീസ് മർദ്ദിച്ചതായി ആരോപിച്ച് 4 വിദ്യാർത്ഥികൾ കോട്ടയം ജില്ലാശുപത്രിയിൽ അഡ്മിറ്റായതായി അറിയാൻ കഴിഞ്ഞു. പോലീസ് വിദ്യാർത്ഥികൾക്കു നേരെ ലാത്തിച്ചാർജ് നടത്തിയിട്ടില്ല. കുറെ വർഷങ്ങളായി അവിടെ വിദ്യാർത്ഥികളുടെ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ ശ്രമിക്കും. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം.വി. ജയരാജൻ: കോട്ടയം ജില്ലയിലെ പള്ളിക്കത്തോട് പി.ടി. ചാക്കോ സ്മാരക ഗവൺമെന്റ് ഐ.ടി.ഐ–ലെ വിദ്യാർത്ഥികളെ ക്ളാസ്സ് മുറിയിൽ കയറി കാഞ്ഞിരമ്പള്ളി ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് ഭീകരമായി മർദ്ദിക്കുകയുണ്ടായി. പരിക്കേറ്റ വിദ്യാർതഥികളെ കോട്ടയം ജില്ലാശുപത്രിയിലും പാമ്പാടി താലൂക്കാശുപത്രിയിലും അഡ്മിറ്റ് ചെയ്തിരിക്കുന്നു. ഈ ഐ.ടി.ഐ–യിലെ കോഴ്സുകൾക്ക് എൻ.സി.വി.ടി.യുടെ അംഗീകാരമില്ല. അംഗീകാരമുണ്ടെന്നുപറഞ്ഞാണ് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നല്കിയത്. വഞ്ചിക്കപ്പെട്ട വിദ്യാർത്ഥികൾ ഒന്നടങ്കം സമരത്തിലാണ്. ഇലക്ട്രോണിക്സ്, ഇലക്ട്രീഷ്യൻ, പ്ളമ്പിംഗ് തുടങ്ങിയിട്ടുള്ള 8 കോഴ്സുകൾക്കാണ് അംഗീകാരമില്ലാത്തത്. പരീക്ഷ അടുത്തുവരുന്ന ഈ സന്ദർഭത്തിൽ വിദ്യാർത്ഥികളുടെ ഭാവി ആകെ അവതാളത്തിലാണ്. അവിടത്തെ പ്രിൻസിപ്പൽ സസ്പെൻഷനിലാണ്. ട്രെയിനീസ് കൗൺസിൽ സെക്രട്ടറിയും ആർട്സ് ക്ളബ് സെക്രട്ടറിയും ഉൾപ്പടെ പ്രിൻസിപ്പലിന്റെ മുറിയിൽ ചർച്ച നടത്തിക്കൊണ്ടിരുന്നപ്പോഴാണ് അക്രമം നടത്തിയത്. വിദ്യാർത്ഥികൾക്ക് നേരെ ലാത്തിച്ചാർജ് നടത്തിയിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. അംഗീകാരമില്ലാത്ത കോഴ്സ് നടത്തി കുട്ടികളെ വഞ്ചിക്കുകയും കുട്ടികളുടെ ഭാവി കൊണ്ട് പന്താടുകയുമാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് അവശ്യപ്പെടുന്നു.

ശ്രീ. ഉമ്മൻചാണ്ടി: കോട്ടയം പള്ളിക്കത്തോട് ഐ.റ്റി.ഐ. സമരത്തിന് ആധാരമായി വിദ്യാർത്ഥികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ പൂർണ്ണമായും ശരിയാണ്. കോഴ്സുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടത് 1999-ലാണെങ്കിലും പിന്നീടും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിരുന്നതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തി എടുത്തിട്ടുള്ള തീരുമാനങ്ങൾ അടിയന്തിരമായി നടപ്പിലാക്കി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): കോട്ടയം പള്ളിക്കത്തോട് ഐ.റ്റി.ഐ.യിൽ 1999-ലാണ് കോഴ്സുകൾക്ക് അംഗീകാരം നഷ്ടപ്പെട്ടത്. അന്ന് അധികാരത്തിലിരുന്ന എൽ.ഡി.എഫ്. ഗവൺമെന്റ് പ്രശ്നം പരിഹരിക്കുന്നതിൽ അനാസ്ഥ കാണിച്ചു. അംഗീകാരമില്ലാത്ത കോഴ്സുകൾക്ക് തുടർന്നും വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതുമൂലമുള്ള പ്രശ്നങ്ങളുണ്ട്. ഗവൺമെന്റ് ഈ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. വിദ്യാർത്ഥി മർദ്ദനത്തെക്കുറിച്ച് അന്വേഷിക്കാം. മറ്റു തരത്തിലുള്ള പ്രശ്നങ്ങളൊന്നുമില്ലാത്തതുകൊണ്ട് അടിയന്തിര പ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

**ശ്രദ്ധക്ഷണിക്കൽ**

(1) തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകളുടെ പ്രവർത്തനവും കുട്ടനാട് മേഖലയിലെ പ്രളയക്കെടുതി നിയന്ത്രിക്കുന്നതിന് സമഗ്ര പദ്ധതിയും.

ഡോ. കെ.സി. ജോസഫ്:: കുട്ടനാട്ടിൽ പുഞ്ചകൃഷി സീസണിൽ ഓരുവെള്ളം കയറുന്നതിനാലും രണ്ടാം കൃഷി സമയത്ത് പ്രളയമുണ്ടാകുന്നതിനാലും കൃഷി നശിക്കുന്ന അവസ്ഥ തടയുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. പ്രളയം തടയുന്നതിനായി തടയണകൾ കെട്ടി ഘട്ടംഘട്ടമായി വെള്ളം തുറന്നുവിടുന്നതിനും തോട്ടപ്പള്ളി ലീഡിംഗ് ചാനലിലുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിനും ആഴം വർദ്ധിപ്പിക്കുന്നതിനും സി.ഡി. ബ്ളോക്ക് തുറക്കുന്നതിനും നടപടി സ്വീകരിക്കണം. തണ്ണീർമുക്കം ബണ്ടിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി നിയമിച്ച കമ്മിറ്റിയുടെ തീരുമാനം എത്രയും വേഗം ലഭ്യമാക്കണം.

ജലവിഭവവകുപ്പുമന്ത്രി (ശ്രീ.ടി.എം. ജേക്കബ്): അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ ആറുകളുടെ ഡെൽറ്റാപ്രദേശമാണ് കുട്ടനാടൻ മേഖല. അവിടെ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് കുട്ടനാട് വാട്ടർ ബാലൻസ് സ്റ്റഡി എന്ന പേരിൽ നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെ പഠനം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും ആ മേഖലയിൽ ഇപ്പോൾ വളരെയേറെ വ്യത്യാസം വന്നിട്ടുള്ളുതുകൊണ്ട് ആ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നത് പ്രയോജനകരമായിരിക്കില്ല. പ്രളയക്കെടുതി നിയന്ത്രിക്കുന്നതിനുള്ള ചെറിയ ചെറിയ ജോലികൾ

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കാലാകാലങ്ങളിൽ ചെയ്യുന്നുണ്ട്. തോട്ടപ്പള്ളി സ്പിൽവേ വഴി വെള്ളം ഒഴുക്കിവിടുന്നതിനും

തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ തുറക്കുന്നതുസംബന്ധിച്ചുള്ള തർക്കം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. ഷട്ടർ തുറക്കുന്നതുസംബന്ധിച്ച് മൽസ്യത്തൊഴിലാളികളും കൃഷിക്കാരും തമ്മിൽ തർക്കം നിലനില്ക്കുന്നതുകൊണ്ട് ജനപ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഈ വിഷയം ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് പഠിക്കാൻ ഒരു വിദഗ്ധസമിതിയെ നിയോഗിക്കുകയും 31.7.2002-നകം റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ ശാശ്വതമായി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ താല്ക്കാലികമായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്ന് ചർച്ച ചെയ്യുന്നതിനായി ജനപ്രതിനിധികളുടെയും മറ്റു ബന്ധപ്പെട്ടവരുടേയും യോഗം ഒരിക്കൽക്കൂടി വിളിച്ചുചേർക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(2) മെഡിക്കൽ കോളേജുകളുടെയും ജില്ലാ ആശുപത്രികളുടെയും സമഗ്ര വികസനവും ആരോഗ്യരംഗത്തെ നവീകരണവും.

ശ്രീ. കെ.സി.വേണുഗോപാൽ: സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും അതിനൂതനമായ ചികിത്സാരീതികൾ അവലംബിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. ഇക്കാര്യത്തിൽ അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിന്നോക്കമാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തും ചികിത്സാ സമ്പ്രദായങ്ങളിലും ആരോഗ്യ മേഖലയുടെ മൊത്തത്തിലുള്ള നവീകരണത്തിലും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന സമഗ്രമായ ഒരു പദ്ധതിക്ക് രൂപം നൽകണം. അതിലേയ്ക്കായി ചില നീക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അവയൊന്നും വേണ്ടത്ര ഫലപ്രദമായിട്ടില്ല. മെഡിക്കൽ രംഗത്ത് ഏറ്റവുമധികം പ്രയോജനം ചെയ്യുന്ന ടെലി മെഡിസിൻ സമ്പ്രദായം നടപ്പാക്കണം. സ്പെഷ്യലിസ്റ്റുകളുടെയും മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടേയും ഉപദേശം സ്വീകരിക്കുവാൻ ഇത്തരം സമ്പ്രദായത്തിലൂടെ സാധിക്കും. കേരളത്തിലെ മെഡിക്കൽ കോളേജുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ആരംഭിക്കണം. ജില്ലാ-താലൂക്ക് ആശുപത്രികളുടേയും മെഡിക്കൽ കോളേജുകളുടേയും ശോചനീയാവസ്ഥക്ക് പരിഹാരം കാണുന്നതിനും വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനും വേണ്ടി എക്സ്റ്റേണൽ ഫണ്ട് കണ്ടെത്തണം. ആലപ്പുഴ മെഡിക്കൽകോളേജിലെ നെഫ്രോളജി ഡിപ്പാർട്ടുമെന്റിൽ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുകയും ഡയാലിസിസ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും വേണം. ആരോഗ്യമേഖലയുടെ മൊത്തത്തിലുള്ള നവീകരണത്തിന് സമഗ്രമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): വിവരസാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തി വൈദ്യശാസ്ത്രരംഗത്തും ആരോഗ്യവിദ്യാഭ്യാസ രംഗത്തും ടെലി-മെഡിസിൻ

സമ്പ്രദായം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി ഒരു പ്രോജക്ട് പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ ഐ.ടി. മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു പുതിയ പദ്ധതിക്ക് രൂപം കൊടുക്കാൻ ആലോചിച്ചുവരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനെ ഒരു പ്ളാനിംഗ് ആന്റ് മോണിട്ടറിംഗ് സെല്ലാക്കി മാറ്റുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കുമായി ഈ വർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മെഡിക്കൽകോളേജുകൾ, ഡെന്റൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കമ്പ്യൂട്ടർശൃംഖല സജ്ജമാക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ആയുർവ്വേദ, ഹോമിയോ വിഭാഗങ്ങൾക്ക് യഥാക്രമം 30 ലക്ഷം രൂപയും 35 ലക്ഷം രൂപയും വീതം നീക്കിവച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ ടെലി റഫറൽ സെന്ററുകളായും ജില്ലാ-താലൂക്ക് ആശുപത്രികളും മറ്റ് ആരോഗ്യകേന്ദ്രങ്ങളും റിമോട്ട് ടെലി കൺസൾട്ടേഷൻ സെന്ററുകളായും തിരിച്ചുകൊണ്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ടെലി-മെഡിസിൻ പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്, റീജിയണൽ കാൻസർ സെന്റർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തിരുവനന്തപുരം മെഡിക്കൽകോളേജിനെ ടെലി റഫറൽ സെന്ററായും മംഗലപുരം, വിഴിഞ്ഞം, വെള്ളറട എന്നീ പി.എച്ച്.സി.കളെ റിമോട്ട് ആന്റ് ടെലി കൺസൾട്ടേഷൻ സെന്ററുകളായും തെരഞ്ഞെടുത്തിട്ടുണ്ട്. ഈ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. ആലപ്പുഴ മെഡിക്കൽകോളേജിന്റെ വികസനത്തിന് 100 കോടി രൂപയെങ്കിലും വേണ്ടിവരും. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ മെഡിക്കൽകോളേജിന്റെ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ ചെയ്യും. ഡി.പി.സി. കൂടുന്നതിനും പ്രൊഫസർമാരുടേത് ഉൾപ്പെടെയുള്ള ഒഴിവുകൾ നികത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വീസിൽനിന്നും വിരമിച്ച വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ട്.

## സബ്മിഷൻ

(1) <u>പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോ</u>

<u>ശ്രീ. പിരപ്പൻകോട് മുരളി</u>: വാമനപുരം നിയോജകമണ്ഡലത്തിലെ പാലോട് കെ.എസ്. ആർ.ടി.സി. ഡിപ്പോ പെരിങ്ങമ്മല പഞ്ചായത്തിലെ കുശവൂർ ജംഗ്ഷനിലേയ്ക്ക് മാറ്റാനുള്ള തീരുമാനം ഗവൺമെന്റ് പുന:പരിശോധിക്കണം.

ഗതാഗതവകുപ്പുമന്ത്രി (<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u>): ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പാലോട് കെ.എസ്.ആർ.ടി.സി. ഡിപ്പോ പെരിങ്ങമ്മല പഞ്ചായത്തിലെ കുശവൂർ ജംഗ്ഷനിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ഡെഡ് മൈലേജ് വഴിയുള്ള നഷ്ടം ഒഴിവാക്കുന്നതിനും പാലോട്-കുശവൂർ പഞ്ചായത്തുകളുടെ വികസനത്തിനും ഇത് സഹായകരമായിരിക്കും.

(2) <u>തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം</u>

ശ്രീ. വി.കെ. ചന്ദ്രൻ: കോൺട്രാക്ടർക്കു കൊടുക്കാനുള്ള പണം നൽകി തൃത്താല വെള്ളിയാങ്കല്ല് റഗുലേറ്റർ–കം–ബ്രിഡ്ജിന്റെ പണി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്): കോൺട്രാക്ടർക്ക് കൊടുക്കാനുള്ള കുടിശ്ശിക തുക കൊടുത്ത് പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(3) മൽസ്യത്തൊഴിലാളികളിൽനിന്ന് ഈടാക്കുന്ന വൈദ്യുതി ചാർജ്

ശ്രീ. ഷിബു ബേബിജോൺ: ചീനവല ഉപയോഗിച്ച് മൽസ്യബന്ധനം നടത്തുന്ന മൽസ്യത്തൊഴിലാളികളിൽനിന്ന് വൈദ്യുതിക്ക് ഉയർന്ന താരിഫ് ഈടാക്കുന്നതുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് താരിഫിൽ ഇളവ് വരുത്താൻ അടിയന്തിര നടപടിയുണ്ടാകണം.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): ഇതിന്റെ താരിഫ് എൽ.റ്റി. IV കാറ്റഗറിയിലേക്ക് താഴ്ത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതിനാൽ 7 രൂപ 25 പൈസ എന്നുള്ളത് 2 രൂപ 75 പൈസയായി കുറയും. ഇതിന്റെ പൂർണ്ണമായ പ്രയോജനം കിട്ടണമെങ്കിൽ പ്രത്യേകം മീറ്റർ വയ്ക്കേണ്ടിവരും.

(4) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഭരണങ്ങാനം പിൽഗ്രിം സെന്റർ

ശ്രീ. പി.സി. ജോർജ്: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ തീർത്ഥാടന കേന്ദ്രമായ ഭരണങ്ങാനത്ത് ഒരു അമിനിറ്റീസ് സെന്റർ ആരംഭിക്കാനും മലയാറ്റൂർ, കാലടി, ഭരണങ്ങാനം, എരുമേലി, ശബരിമല എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് ഒരു പിൽഗ്രിം റൂട്ട് അംഗീകരിക്കാനും നടപടി സ്വീകരിക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കെ.വി. തോമസ്): സംസ്ഥാനത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ എത്തുന്ന തീർത്ഥാടകരുടെ സൗകര്യാർത്ഥം ടൂറിസം ഡിപ്പാർട്ടുമെന്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഭരണങ്ങാനത്തും ഒരു അമിനിറ്റീസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. എം.എൽ.എ.യോ പഞ്ചായത്തോ ഇടപെട്ട് അതിനാവശ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ എത്രയുംവേഗം അത് തുടങ്ങാൻ കഴിയും. പിൽഗ്രിം സർക്യൂട്ടിൽ ഭരണങ്ങാനം ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാം.

## റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

2002–2003 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളി ന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്ക ണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായിക വിനോദം. കല, സംസ്ക്കാരം
(20,35,73,85,000 രൂപ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ.. ചെർക്കളം അബ്ദുള്ള): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): വിദ്യാഭ്യാസം. കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

സർവ്വശ്രീ ടി.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, വി.കെ. ചന്ദ്രൻ, വി, ചെന്താമരാക്ഷൻ, എം.വി. ജയരാജൻ, കെ.കെ. ജയചന്ദ്രൻ, മത്തായി ചാക്കോ, പിരപ്പൻകോട് മുരളി, കെ.പി. സതീശ് ചന്ദ്രൻ, കെ.പി. രാജേന്ദ്രൻ, പി.എസ്. സുപാൽ, എൻ. രാജൻ, മാങ്കോട് രാധാകൃഷ്ണൻ, കെ.പി. മോഹനൻ, വി.സി. കബീർ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മത്തായി ചാക്കോ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റ് കേരളത്തിലെ വിദ്യാഭ്യാസമേഖലയെ അപകടകരമായ നിലയിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. കഴിഞ്ഞ അര നൂറ്റാണ്ടിനിടയിൽ വിദ്യാഭ്യാസമേഖലയിൽ കേരളം ആർജ്ജിച്ചിട്ടുള്ള പുരോഗതിയെ അട്ടിമറിക്കുന്ന

തിനുള്ള ആസൂത്രിതമായ ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ മേഖലയ്ക്ക് സുശക്തമായ അടിത്തറയും ശൃംഖലയുമുള്ള സംസ്ഥാനമാണ് കേരളം. സാമൂഹ്യനീതിയും അവസരസമത്വവും മതേതരമൂല്യങ്ങളും ഉൾക്കൊണ്ട് വളർന്നുവന്നതാണ് ഇവിടത്തെ വിദ്യാഭ്യാസ മേഖല. നവോത്ഥാന പ്രസ്ഥാനത്തിന്റെ ശക്തമായ പൈതൃകം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിനുണ്ട്. ആ വിപുലവും സുശക്തവുമായ വിദ്യാഭ്യാസ സമ്പ്രദായത്തെ തകർക്കാനും ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കാനും ഉതകുന്നരീതിയിൽ വിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരിക്കുന്ന നടപടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വിദ്യാഭ്യാസരംഗം ലേലച്ചന്തയായി മാറിയിരിക്കുന്നു. അനർഹർ വിദ്യ വിലയ്ക്ക്വാങ്ങുന്ന സ്ഥിതിവിശേഷം ഇന്ന് സംജാതമായിരിക്കുന്നു. ഇതിന് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകൾ പൂട്ടുന്നതിനെ സംബന്ധിച്ച ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. എസ്.എസ്.എൽ.സി.ക്ക് ഗ്രേഡ് ഏർപ്പെടുത്തുമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പിലാക്കുന്ന കാര്യത്തിൽ വ്യക്തമായ തീരുമാനമെടുക്കാൻ കഴിയണം. എഞ്ചിനീയറിംഗിന് കൗൺസലിംഗ് ആരംഭിച്ചിട്ടും ഹയർ സെക്കന്ററി പരീക്ഷാഫലം പൂർണ്ണമായും പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിട്ടില്ല. സിലബസ് പരിഷ്ക്കരണത്തിലും ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രിൻസിപ്പലിനെ നിയമിക്കുന്നതിലും നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. ഏകീകൃത സർവ്വകലാശാലാ നിയമത്തിലൂടെ കേരളത്തിലെ സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവത്തേയും സംവിധാനങ്ങളേയും തകർക്കുന്ന നീക്കത്തിൽനിന്നും ഗവൺമെന്റ് പിന്മാറണം. കേരളത്തിന്റെ സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യം കൊടുക്കുന്ന ജനാധിപത്യ അടിത്തറയുള്ള മോഡൽ സർവ്വകലാശാല ആക്ടിനെ തകർക്കാനുള്ള ശ്രമമാണ് ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നതിലൂടെ ഗവൺമെന്റ് ചെയ്യുന്നത്. തെരഞ്ഞെടുക്കപ്പെട്ട സമിതികളെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി നോമിനേഷൻ സമ്പ്രദായം കൊണ്ടുവന്നെങ്കിലും അത് ഫലപ്രദമല്ലെന്ന് കണ്ടതിനാലാണ് ഇപ്പോൾ ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നത്. ഇത് വരുന്നതോടുകൂടി വിദ്യാർത്ഥി പ്രവേശനത്തിലും അദ്ധ്യാപക നിയമനത്തിലും നിലനിൽക്കുന്ന സാമൂഹ്യനീതി അട്ടിമറിക്കപ്പെടും. പരീക്ഷകൾ ഏകീകരിക്കാനും, അതിന്റെ നടത്തിപ്പിനുംവേണ്ടി ഐ.യു.സി.സി പോലുള്ള സമിതികൾ ഉള്ളപ്പോൾ ഈ ആക്ട് കൊണ്ടുവരുന്നത് ശരിയല്ല. ഈ ആക്ടിന്റെ ഭാഗമായി നോമിനേറ്റഡ് സെനറ്റും സിൻഡിക്കേറ്റും വരാൻ പോകുകയാണ്. സർവ്വകലാശാലകളിലെ നോമിനേഷൻ സമ്പ്രദായം സംബന്ധിച്ച് ജ്ഞാനം കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ദുരുപയോഗപ്പെടുത്തി സ്വന്തം അണികളെ സെനറ്റിലും സിൻഡിക്കേറ്റിലും കൊണ്ടുവരാനുള്ള പരിശ്രമമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ നോമിനേറ്റ് ചെയ്യപ്പെടുന്ന മെമ്പർമാർക്ക് സമൂഹത്തോട് അക്കൗണ്ടബിലിറ്റി ഉണ്ടാവുകയില്ല. ആയതിനാൽ ഈ ഏകീകൃത സർവ്വകലാശാല നിയമം സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവത്തെ തകർക്കുമെന്നത് തർക്കമറ്റ സംഗതിയാണ്. സുപ്രീം കോടതി വിധി മറികടന്നുകൊണ്ട് സ്വാശ്രയ കോളേജുകളിൽ മാനേജുമെന്റ് ക്വാട്ട 15 ശതമാനമായും നിലവിലുള്ള പ്രോസ്പെക്ടസിൽ ഭേദഗതി വരുത്താതെ എൻ.ആർ.ഐ ക്വാട്ട 10 ശതമാനമായും വർദ്ധിപ്പിക്കുന്ന നടപടി നിയമവിരുദ്ധമാണ്. ഈ നിയമം നിലവിൽ വരുന്നതോടുകൂടി ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്ന് പിന്നോക്ക–പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗക്കാർ പൂർണ്ണമായും

പുറന്തള്ളപ്പെടും. യു.ഡി.എഫ്. ഗവൺമെൻറിന്റെ കഴിഞ്ഞ ഒരു വർഷത്തെ ഭരണംകൊണ്ട് വിദ്യാഭ്യാസ മേഖല അഴിമതിയുടേയും സ്വജനപക്ഷപാതത്തിന്റെയും കേന്ദ്രമായി മാറിയിരിക്കുന്നു. എല്ലാ ജില്ലകളിലേയും വിദ്യാഭ്യാസ ഡയറക്ടർമാരെ മാറ്റിയതും എസ്.എസ്.എ പ്രോജക്ടിന്റെ ചുമതല സ്വന്തം നിയോജകമണ്ഡലത്തിലെ ഒരാളെ ഏൽപിച്ചതും ശരിയല്ല. മാത്രമല്ല, എസ്.എസ്. എ. യ്ക്കുവേണ്ടി കഴിഞ്ഞവർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 70 കോടി രൂപ ഈ ഗവൺമെന്റ് ലാപ്സാക്കുകയുണ്ടായി. എൽ.ബി.എസ്സ്–ന്റെ ചെയർമാനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി എൽ.ബി.എസ്സ്–ന്റെ ഫണ്ട് ഉപയോഗിച്ച് മന്ത്രിയുടെ വീട്ടിലും ഓഫീസിലും എ.സി.യും സ്റ്റെബിലൈസറും സ്ഥാപിച്ചതും ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ ഫണ്ട് ഉപയോഗിച്ച് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി എ.സി ഫിറ്റ് ചെയ്തതും ശരിയായ നടപടിയല്ല. കേരളത്തിലെ മുഖ്യമന്ത്രിയും യു.ഡി.എഫ് നേതൃത്വവും സാമുദായികനേതാക്കൻമാരുടേയും വർഗ്ഗീയ ശക്തികളുടേയും പിന്നാലെ പോകുന്നത് കേരളത്തിന് അപമാനമാണ്.

<u>ശ്രീ. എ. സുജനപാൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു . എൽ.ഡി.എഫ്. കേരളം ഭരിച്ചിരുന്ന കാലങ്ങളിലെല്ലാം വിദ്യാഭ്യാസരംഗത്ത് തകർച്ചയാണ് ഉണ്ടായിട്ടുള്ളത്. മാനവീയംപോലുള്ള
പരിപാടികൾ നടത്തി മാർക്സിസ്റ്റു പാർട്ടിയുടെ സങ്കുചിത രാഷ്ട്രീയ താല്പര്യം സംരക്ഷിക്കുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം. രാഷ്ട്രീയവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസ സാംസ്ക്കാരിക രംഗങ്ങളെ മെച്ചപ്പെടുത്തി അത്യാധുനിക ദിശയിലേക്ക് സംസ്ഥാനത്തെയും പുതിയ തലമുറയെയും നയിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ നയവും സാംസ്ക്കരിക നയവും രൂപീകരിച്ച് മുന്നോട്ടു പോകുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും ആരംഭിച്ചതിനെപ്പറ്റി ആർക്കും ആക്ഷേപം പറയാൻ കഴിഞ്ഞിട്ടില്ല. എന്നാൽ കേരളത്തിലുണ്ടായിരുന്ന എല്ലാ കുറ്റമറ്റ സംപ്രദായങ്ങളും തകർത്തുകൊണ്ടാണ് എൽ.ഡി.എഫ് ഗവണ്മെന്റ് പ്ളസ് ടു നടപ്പിലാക്കിയത്. ലോകവ്യാപകമായി ഉണ്ടാകുന്ന പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ നാം തയ്യാറാകണം. കേരളത്തിൽ പുതിയ എഞ്ചിനീയറിംഗ്–മെഡിക്കൽ കോളേജുകൾ അനുവദിച്ചതുകൊണ്ട് ലക്ഷക്കണക്കിന് വിദ്യാർത്ഥികൾക്ക് കേരളത്തിൽത്തന്നെ പഠിക്കാനുള്ള അവസരമുണ്ടായി. കഴിഞ്ഞ സർക്കാർ വിദ്യാഭ്യാസ രംഗത്തെ രാഷ്ട്രീയവൽക്കരിച്ചതിന്റെ ഫലമായിട്ടാണ് വിദ്യാഭ്യാസ രംഗം ഇന്ന് തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നത്. ശാസ്ത്ര–സാങ്കേതിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് കേരളത്തിലെ വിദ്യാഭ്യാസരംഗത്തും മാറ്റങ്ങളുണ്ടാകേണ്ടിയിരിക്കുന്നു. കോടിക്കണക്കിനു രൂപ വ്യവസായ രംഗത്തും കാർഷിക രംഗത്തും ഇൻവെസ്റ്റു ചെയ്തുവെങ്കിലും ആ രംഗങ്ങളിലൊന്നും കാര്യമായി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. മനുഷ്യ വിഭവശേഷിയിൽ മാത്രമാണ് നമുക്ക് മുന്നോട്ടു പോകാൻ സാധിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഈ ഗവൺമെന്റ് വിദ്യാഭ്യാസത്തിന് മുന്തിയ പരിഗണന നൽകി, പരിഷ്കാരങ്ങളേർപ്പെടുത്തി മുന്നോട്ടു പോകുന്നത്. ഏകീകൃത യൂണിവേഴ്സിറ്റി ബിൽ കൊണ്ടുവരുന്നത് കേരളത്തിലെ സർവകലാശാലകളെ മുഴുവൻ റീസ്ട്രക്ച്ചർ ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ്. സർവ്വകലാശാലകൾ തമ്മിൽ കോ–ഓർഡിനേഷൻ വേണം. യൂണിവേഴ്സിറ്റികളെ സെൻർ ഓഫ് എക്സലൻസ് ആക്കി മാറ്റിയെടുക്കാനുള്ള ശ്രമം നടത്താൻ

പോകുകയാണ്. കേരളത്തിൽ ഒരു ആട്ടോണമസ് കോളേജ് പോലും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അക്കാഡമിക് നിലവാരം പുലർത്തേണ്ട കാര്യത്തിൽ നാം പ്രത്യേകം ശ്രദ്ധ ചെലുത്തണം. സാംസ്കാരിക രംഗത്തും രാഷ്ട്രീയവല്ക്കരണത്തിന്റെ അതിപ്രസരമാണ് കാണാൻ കഴിയുന്നത്. മാനവീയം പരിപാടിയിൽ നടന്ന അഴിമതിയെക്കുറിച്ച് ഇപ്പോഴും പത്രവാർത്ത വന്നുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് അന്വേഷിക്കണം. ഈ ഗവൺമെന്റ് പ്രാഗല്ഭ്യമുള്ളവരെയാണ് സാഹിത്യ അക്കാഡമിയിലും ലളിതകലാ അക്കാഡമിയിലും നിയമിച്ചിട്ടുള്ളത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സാംസ്ക്കാരിക നായകൻമാരുടെ വിമർശനങ്ങൾ സഹിഷ്ണതയോടുകൂടി നോക്കിക്കാണുന്നതിനു പകരം അവരെ തരം താഴ്ത്തുന്ന സമീപനമാണ് സാംസ്ക്കാരിക വകുപ്പുമന്ത്രി സ്വീകരിച്ചു വരുന്നത്. മന്ത്രിയുടെ അനുചരൻമാരുടെ പീഡനം കൊണ്ട് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ രാജിവച്ചു പോകേണ്ട സാഹചര്യമുണ്ടായി. കേരളത്തിലെ വിദ്യാഭ്യാസ നയത്തെ തകർക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ഭരണഘടന വിഭാവനം ചെയ്യുന്നതു പോലെയുള്ള സൗജന്യവും സാർവ്വത്രികവുമായ പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞ സംസ്ഥാനത്ത് ഭരണഘടനാ വിരുദ്ധമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. 7–ാം ക്ലാസ് വരെ കുട്ടികൾ സ്ക്കൂളിൽ പോകേണ്ട എന്ന ഉത്തരവ് അൺ എയിഡഡ് മേഖലയെ സഹായിക്കുന്നതിനാണ്. 8–ാം ക്ലാസ് മുതൽ കമ്പ്യൂട്ടർ പഠനത്തിന് ഫീസ് ഏർപ്പെടുത്താനുള്ള തീരുമാനം വഴി പ്രാഥമിക വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്ന അവസ്ഥ ഉണ്ടാകും. സർക്കാർ യാതൊരു മാനദണ്ഡവുമില്ലാതെ അൺ എയിഡഡ് സ്ക്കൂളുകൾ അനുവദിച്ചതിന്റെ ഫലമാണ് എയിഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്ന സാഹചര്യമുണ്ടായത്. ഹയർ സെക്കന്ററി മേഖലയിലും എയിഡഡ് സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. നിലവിലുള്ള പ്ലസ് ടു സംവിധാനത്തെ ശക്തമാക്കാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പ്ലസ് ടൂ മേഖലയിൽ നിലനിൽക്കുന്ന പോരായ്മകൾ പരിഹരിക്കുന്നതിനു പകരം അൺ എയിഡഡ് മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് കച്ചവട താൽപ്പര്യമാണ്. അൺ എയിഡഡ് വിദ്യാഭ്യാസ സഥാപനങ്ങൾ യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിച്ചാൽ സംവരണം പാലിക്കാനോ മെരിറ്റ് പാലിക്കാനോ ഫീസ് സൗജന്യം അനുവദിക്കാനോ കഴിയുകയില്ല. കോടതിവിധി അംഗീകരിച്ചുകൊണ്ട് ആഡിയോ വിഷൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽനിന്നും പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സൈബർ യുഗത്തിൽ ജീവിക്കുന്ന നമ്മൾ കംപ്യൂട്ടറിലെ ഇൻഫർമേഷൻ ടെക്നോളജി പരമാവധി ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് ഗുണകരമാക്കി മാറ്റുന്നതിനെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. വിദ്യാഭ്യാസമേഖലയിൽ പല മാറ്റങ്ങളും കൊണ്ടുവരുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. പക്ഷേ സാമ്പത്തികശേഷി അതിന് തടസ്സം നില്ക്കുകയാണ്. സ്വകാര്യമേഖലയെ ആകർഷിക്കുവാനുള്ള സംവിധാന മുണ്ടാക്കുന്നതോടൊപ്പം സ്വകാര്യമേഖലയേയും സഹകരണമേഖലയേയും മത–ധർമ്മ

സ്ഥാപന ങ്ങളേയും ഇതിൽ പങ്കാളികളാക്കണം. നിലവാരത്തകർച്ചയാണ് വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പ്രശ്നം. ഉന്നത രംഗത്തുള്ള മത്സരപരീക്ഷകളിൽ കേരളീയർ പിന്തള്ളപ്പെടുകയാണ്. പ്രീ–പ്രൈമറി തലം മുതൽ കംപ്യൂട്ടർ പഠനത്തിന് തുടക്കം കുറിക്കണം വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കി പ്രാപ്തമായ രീതിയിൽ അവരെ വളർത്തിക്കൊണ്ടു വരണം. പ്രീ–പ്രൈമറി തലം മുതൽ ഹയർ എഡ്യൂക്കേഷൻ തലംവരെ കണക്ടീവായിട്ടുള്ള രീതിയിൽ സിലബസുകൾ തയ്യാറാക്കുന്നതിന് വിദ്യാഭ്യാസ മേഖലയിലെ പ്രഗൽഭരെ ഉൾപ്പെടുത്തി ഒരു കമ്മീഷനെ നിയമിക്കണം. വ്യവസായവുമായി ഇതിനെ ലിങ്ക് ചെയ്യണം. വ്യവസായത്തിന്റെ കൺസെപ്റ്റ് കൃഷി ആയിരിക്കണം. പത്താം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് അവരുടെ സ്കിൽസ് ഇംപ്രൂവ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കണം. സർക്കാർ സ്ക്കൂളുകളിലെ സ്ഥിതി മെച്ചപ്പെടുത്തു ന്നതിന് അവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ഇലക്ട്രോണിക് മീഡിയം ഉപയോഗ പ്പെടുത്തി കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. അതിനുവേണ്ടി പ്രൈമറി ഡയറക്ടറേറ്റും സെക്കന്ററി ഡയറക്ടറേറ്റും, ഹയർ എഡ്യൂക്കേഷൻ ഡയറക്ടറേറ്റും രൂപീകരിക്കു വാനുള്ള നടപടിയുണ്ടാകണം. അതിന്റെ മോണിറ്ററിംഗ് ഗവൺമെന്റ് നിയന്ത്രിക്കണം. ഗവൺമെന്റിന്റെ മേൽനോട്ടത്തിലുള്ള പ്രവർത്തനങ്ങൾ സുതാര്യമാണെന്ന് പരിശോധിക്കുവാനുള്ള സംവിധാന മുണ്ടാക്കണം. എസ്.എസ്.എൽ.സി.ക്ക് ഗ്രേഡിംഗ് അനുവദിക്കുമ്പോൾ 8 പേപ്പറുകളും രണ്ടേകാൽ മണിക്കൂറും എന്നാക്കണം. ഐ.ഐ.ടി. കേരളത്തിൽ സ്ഥാപിക്കുവാനുള്ള സംവിധാനമുണ്ടാക്കണം. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക് പ്ലസ് ടൂ അഡ്മിഷന് പ്രത്യേക സംവരണം ഏർപ്പെടുത്തണം. മെഡിസിൻ–എൻജിനീയറിംഗ് അഡ്മിഷന് ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾക്ക് പ്രത്യേകം പരീക്ഷ നടത്തുന്നതിനു പകരം പൊതുവായ ഒറ്റ പരീക്ഷ നടത്തണം. യാതൊരുവിധ ആരോപണത്തിനുമിടനൽകാത്ത വിധത്തിൽ മെഡിക്കൽ, എൻജിനീയറിംഗ് കോളേജുകൾ അനുവദിച്ചതിന് മന്ത്രിയെ അഭിനന്ദിക്കുന്നു.

<u>ശ്രീ സ്റ്റീഫൻ ജോർജ്</u>:: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസമേഖലയിൽ സമാധാനവും സമയനിഷ്ഠയും പാലിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റിന്റെ കാര്യക്ഷമതയുടെ ഫലമായി പരീക്ഷാഫലങ്ങൾ കൃത്യസമയത്ത് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. കഴിയുന്നതുംവേഗം ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കണം. ദേശീയ മൽസരപ്പരീക്ഷകളിൽ കേരളത്തിലെ വിദ്യാർത്ഥികൾ തഴയപ്പെടുന്നു. നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ വിദ്യാഭ്യാസ സംപ്രദായം പരിഷ്കരിക്കണം. 184 പേരെ മാത്രം ആവശ്യമുണ്ടായിരുന്ന റിഫ്രോഗ്രാഫിക് സെന്ററിൽ കഴിഞ്ഞ ഗവൺമെന്റ് 936 പേരെ നിയമിച്ചു. അവിടെ നടന്നിട്ടുള്ള അഴിമതികളെക്കുറിച്ചു അന്വേഷിക്കണം.

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വിദ്യാഭ്യാസനിലവാരം വളരെ താണിരിക്കുന്നു. അഖിലേന്ത്യാ മൽസരപ്പരീക്ഷകളിൽ സംസ്ഥാന സിലബസിൽ പഠിക്കുന്ന കുട്ടികൾക്ക് മുന്നിലെത്താൻ കഴിയുന്നില്ല. വിദ്യാഭ്യാസമേഖലയിൽ ഭരണപരമായ കാര്യങ്ങളേക്കാൾ അക്കാഡമിക് കാര്യങ്ങൾക്കാണ് കൂടുതൽ ഊന്നൽ കൊടുക്കേണ്ടത്.

നമുക്ക് സിലബസ് കമ്മിറ്റിയും കരിക്കുലം കമ്മിറ്റിയും ആവശ്യമില്ല. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ സി.ബി.എസ്.ഇ. സിലബസ് പാഠ്യക്രമമാക്കണം. ഗ്രാമപ്രദേശങ്ങളിലെ സ്കൂളുകളിൽ സി. ബി.എസ്.ഇ. സിലബസ് പ്രകാരമുള്ള പുസ്തകങ്ങൾ മലയാളത്തിൽ പഠിപ്പിക്കണം. വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടെയും വിശ്വാസമാർജ്ജിച്ചുകൊണ്ട് സ്കൂൾ പൂട്ടൽ നടപടികൾ ഒഴിവാക്കണം.

എക്സാമിനേഷൻ കൺട്രോളറുടെ മേൽനോട്ടത്തിൽ പ്ലസ് ടു പരീക്ഷകൾ നടത്തുന്നതിനും പ്രൈമറി സെക്കന്ററി വിഭാഗങ്ങൾക്ക് പ്രത്യേക ഡയറക്ടറേറ്റുകൾ രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കണം. പ്ലസ് ടു അനുവദിക്കപ്പെട്ട വിദ്യാലയങ്ങളിലെ കുട്ടികളിൽനിന്നും മാനേജർമാർ സംഭാവന വാങ്ങിക്കുന്നതിനെതിരെ നടപടികൾ ഉണ്ടാകണം. സർക്കാർ സ്കൂളുകളിൽ പി.ടി.എ. സംഭാവന സ്വീകരിക്കുന്നത് ഗവണ്മെന്റിന്റെ അംഗീകാരത്തോടെയായിരിക്കണം. സർവ്വകലാശാലകളിലെ കാലഹരണപ്പെട്ട കോഴ്സുകളും വിഷയങ്ങളും കാലാനുസൃതമാക്കണം. പ്രൊമോഷൻ നേടാൻ വേണ്ടി മാത്രം പിഎച്ച്.ഡി.യും എം.ഫിൽ–ഉം എടുക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. യൂണിവേഴ്സിറ്റികളിൽ സമർപ്പിക്കുന്ന തീസിസുകൾ അക്കാഡമിക് കമ്മിറ്റി മാത്രം പരിശോധിക്കുന്ന സംവിധാനമുണ്ടാ
ക്കണം. വിദ്യാഭ്യസ രംഗം സമഗ്രമായി പരിഷ്ക്കരിക്കണം. പുരാവസ്തു വകുപ്പിൻ കീഴിലുള്ള മ്യൂസിയവും കാഴ്ചബംഗ്ലാവും വിഭജിച്ച് പ്രത്യേക ഡയറക്ടറേറ്റിന്റെ കീഴിലാക്കണം. പുരാവസ്തു വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. സർക്കാർ ഖജനാവിലെ പണം ചെലവഴിച്ച് ധാരാളം അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും സാധാരണ കലാകാരന്മാർക്ക് അവയെല്ലാം അപ്രാപ്യമായിരിക്കുകയാണ്. കേരളത്തിൽ സിനിമാ വ്യവസായം തകർന്നുകൊണ്ടിരിക്കുന്നു. 1600–ഓളം തിയേറ്ററുകൾ ഉണ്ടായിരുന്നത് 1100 ആയി ചുരുങ്ങി. സിനിമാ തിയേറ്ററുകൾ കല്യാണ മണ്ഡപങ്ങളും ഗോഡൗണുകളുമാക്കി മാറ്റുകയാണ്. ഈ മേഖല മെച്ചപ്പെട്ടാൽ സർക്കാരിന് 40 ലക്ഷം രൂപ പ്രതിവർഷം എന്റർടൈൻമെന്റ് ടാക്സിനത്തിൽ ലഭിക്കും. കേരളത്തിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് ആദ്യത്തെ 15 ദിവസത്തേയ്ക്ക് നികുതിയിളവ് അനുവദിക്കണം. മഹാകവി മൊയിൻകുട്ടിയുടെ സ്മാരകത്തിന് 10 ലക്ഷം രൂപ അനുവദിക്കണം.

<u>ശ്രീ. ലൂഡി ലൂയിസ്</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന ആശങ്കകൾ മാറ്റിയെടുക്കാൻ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനംകൊണ്ട് ഈ ഗവണ്മെന്റിന് സാധിച്ചു. ഒൻപതിനായിരത്തോളം പ്ലസ് ടു അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ നടപടികൾ സ്വീകരിച്ചു. അടച്ചുപൂട്ടാൻ തീരുമാനിച്ചിരുന്ന വിദ്യാലയങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും കൃത്യസമയത്ത് എസ്.എസ്.എൽ.സി. പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനും 23 പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് 40% സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഐ.ടി.മേഖലയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് മുഴുവൻ സ്കൂളുകളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്താനുള്ള തീരുമാനവും പാഠ്യക്രമം പരിഷ്ക്കരിക്കാനും സർവ്വശിക്ഷാ അഭിയാൻ പദ്ധതി കാര്യക്ഷമമാക്കാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. പാഠ പുസ്തക വിതരണം

സമയബന്ധിതമായി പൂർത്തീകരിക്കണം. ആംഗ്ളോ–ഇൻഡ്യൻ സമുദായത്തിന് ഒരു പ്ളസ് ടു സ്കൂൾ അനുവദിക്കണം.

<u>പ്രൊഫ. എ.ഡി. മുസ്തഫ:</u> ധനാഭ്യർത്ഥയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ട് പോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. അൺ–ഇക്കണോമിക് സ്കൂളുകളുടെ കാര്യത്തിൽ ഉദാരസമീപനം സ്വീകരിച്ച് 45 സ്കൂളുകൾ മാത്രമാണ് പൂട്ടാൻ തീരുമാനിച്ചത്. പ്രൊട്ടക്ടഡ് ടീച്ചേഴ്സിനെ സംരക്ഷിക്കുന്നതിനുള്ള ബാദ്ധ്യത ഗവൺമെന്റ് ഏറ്റെടുക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകൾ അനുവദിക്കുന്നതിന് മുൻകൈ എടുത്ത ഈ ഗവൺമെന്റിന്റെ നടപടി സ്വാഗതാർ ഹമാണ്. കോളേജ് തലത്തിലേയ്ക്ക് മലയാളം മീഡിയംകൂടി കടന്നുവന്നത് ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം താഴാനിടയാക്കി. ഇതിന്റെ പ്രതിഫലനം അഖിലേന്ത്യാ മത്സര പരീക്ഷകളിൽ വളരെ പ്രകടമായി അനുഭവപ്പെട്ടു. ഇത് ഒഴിവാക്കുന്നതിന് ഉന്നത വിദ്യാഭ്യാസ രംഗത്തെ പഠന നിലവാരം മെച്ചപ്പെടുത്തണം. സാംസ്ക്കാരിക രംഗത്ത് രാഷ്ട്രീയവൽക്കരണം ഒഴിവാക്കിക്കൊണ്ട് പ്രഗത്ഭരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കഴിഞ്ഞു. കായികരംഗത്ത് കേരളം പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. കായികമേഖലയുടെ വികസനത്തിനുവേണ്ടി ഗ്രാമീണതലത്തിൽ കൂടുതൽ പ്രോൽസാഹനം കൊടുക്കാനുള്ള ഈ ഗവൺമെന്റിന്റെ പരിശ്രമം ശ്രദ്ധേയമാണ്.

<u>ശ്രീ. കെ. മോഹൻകുമാർ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ധനാഭ്യർത്ഥനകൾ ഉണ്ടാകുന്നതാണ് നല്ലത്. വിദ്യാഭ്യാസ രംഗത്ത് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘ നീയമാണ്. സ്വാശ്രയ മേഖലയിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത് വിദ്യാർത്ഥികൾക്ക് അനുഗ്രഹമാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരം മെച്ചപ്പെടുത്തണം. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കോളേജ് തലത്തിൽ മലയാളഭാഷ പഠിക്കുന്നതിന് കൂടുതൽ പ്രോൽസാഹനം കൊടുക്കണം. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. സ്ഥാപനങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കണം. ഉൾനാടൻ പ്രദേശങ്ങളിൽ കൂടുതൽ വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തണം. മലയാളം മീഡിയം പഠിച്ച കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷന് സംവരണം ഏർപ്പെടുത്തണം. അന്തർദ്ദേശീയ ചലച്ചിത്രമേള തിരുവനന്തപുരത്ത് വിജയകരമായി നടത്താൻ സാധിച്ചു. സാംസ്ക്കാരിക മേഖലയിലെ രാഷ്ട്രീയവൽക്കരണം ഒഴിവാക്കണം. കേരളത്തിന്റെ സാംസ്ക്കാരിക പൈതൃകം സംരക്ഷിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ കൊട്ടാരങ്ങൾ സംരക്ഷിക്കുന്നതോടൊപ്പംതന്നെ അവയുടെ ചരിത്രപ്രാധാന്യ ഫലകങ്ങൾകൂടി സ്ഥാപിക്കണം. കായികരംഗത്ത് കേരളം പിന്തള്ളപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കണം. മലയാള പാഠപുസ്തകങ്ങളിൽനിന്ന് ഇന്റലക്ചൽ ടാക്റ്റിക്സ് ഒഴിവാക്കിയ നടപടി സ്വാഗതാർഹമാണ്. കായിക കേരളത്തിന്റെ പ്രതീക്ഷകൾ സഫലീകരിക്കുന്നതി നു വേണ്ടി സ്പോർട്ട്സ് രംഗത്ത് ഒരു കോ–ഓർഡിനേഷനുണ്ടാക്കി പ്രഗൽഭരായ കോച്ചുകളുടെ സഹായത്തോടെ ഹൈടെക്

കോച്ചിംഗ് നടത്തി പത്തിരുപത് വർഷത്തിനുള്ളിലെങ്കിലും ഒരു ഒളിമ്പിക്സ് അല്ലെങ്കിൽ ഏഷ്യാഡ് മെഡൽ മലയാളിക്ക് കരസ്ഥമാക്കാൻ കഴിയണം.

ശ്രീ. കെ.പി. മോഹനൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഫീസ് വർദ്ധനവിലൂടെയും പാഠപുസ്തകങ്ങൾ സമയത്ത് വിതരണം ചെയ്യാതെയും അൺ-ഇക്കണോമിക് സ്ക്കൂളുകൾ അടച്ചുപൂട്ടിയും വിദ്യാർത്ഥികളെ വഴിയാധാരമാക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കായികാദ്ധ്യാപകരെ നിയമിക്കുന്ന രീതി അവസാനിപ്പിക്കാനുള്ള നീക്കമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. യു.പി. തലത്തിൽ കായിക വിദ്യാഭ്യാസം നിർബന്ധമാക്കണം. സ്പോർട്ട്സ് മാനുവലിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തണം. പ്ളസ് ടു അദ്ധ്യാപകർക്കും ലാബ് അസിസ്റ്റന്റുമാർക്കും ശമ്പളം നൽകണം. അൺ-ഇക്കണോമിക് സ്ക്കൂളുകൾ അടച്ചുപൂട്ടുന്ന നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയണം.

ഡോ. കെ..സി. ജോസഫ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. യാതൊരു ലക്ഷ്യബോധവും ദീർഘവീക്ഷണവുമില്ലാത്ത പ്രവർത്തനങ്ങളാണ് വിദ്യാഭ്യാസരംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. എട്ടാം ക്ളാസ്സിലെ വിദ്യാർത്ഥികൾക്ക് ഇതുവരെ പാഠപുസ്തകം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി ദേശീയതലത്തിൽ 5+3+4 എന്ന സമ്പ്രദായം സ്ക്കൂൾ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തണം. എത്ര പ്ളസ് ടു സ്ക്കൂളുകളും എഞ്ചിനീയറിംഗ് കോളേജുകളും വേണമെന്ന് തീരുമാനിക്കാതെ ഇഷ്ടംപോലെ അൺ-ഇക്കണോമിക് സ്ക്കൂളുകളും കോളേജുകളും അനുവദിച്ച് വിദ്യാഭ്യാസമേഖലയെ തകർക്കാനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. വിസി. കബീർ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസരംഗത്ത് യാതൊരു നിയന്ത്രണവുമില്ലാതെ സ്ക്കൂളുകളും കോളേജുകളും അനുവദിച്ച് വിദ്യാഭ്യാസമേഖലയെ തകർക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ സഭ ഏകകണ്ഠമായി പാസ്സാക്കിയ സ്പോർട്ട്സ് നിയമം നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകണം. സാംസ്ക്കാരിക സ്ഥാപനങ്ങളുടെ ഗ്രാന്റ് വർദ്ധിപ്പിക്കണം.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസരംഗത്ത് പുതിയ നയങ്ങളും പരിഷ്ക്കാരങ്ങളും ഏർപ്പെടുത്താനും മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് താറുമാറാക്കിയ വിദ്യാഭ്യാസരംഗത്തെ അനിശ്ചിതത്വം അവസാനിപ്പിക്കാനും യു.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എൻ.ഒ.സി. നൽകിയ 23 എഞ്ചിനീയറിംഗ് കോളേജുകൾ ഈവർഷം പ്രവർത്തനം ആരംഭിക്കുകയാണ്. പ്ളസ് ടു-വിന് 10 ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. വളരെ ശ്രദ്ധയോടുകൂടി ആസൂത്രണം ചെയ്യപ്പെടേണ്ട ഒരു മേഖലയാണിത്. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മൂന്നരലക്ഷത്തോളം വിദ്യാർത്ഥികളിൽ എല്ലാവർക്കും ഉന്നതവിദ്യാഭ്യാസത്തിനു പോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. എസ്. എസ്. എൽ. സി. പരീക്ഷയിൽ തോറ്റവരും 300-നുതാഴെ

മാർക്ക് ലഭിച്ചവരുമായ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതിയായി കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ നടപടിയുണ്ടാകണം. കൂടാതെ തൊഴിൽ പരിശീലനവും സാങ്കേതിക വൈദഗ്ദ്ധ്യവുമുള്ള കോഴ്സുകൾ പോളിടെക്നിക്കുകളിൽ ആരംഭിക്കണം. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സീറ്റുകൾ വർദ്ധിപ്പിക്കണം.

ശ്രീ. കെ.സി. ജോസഫ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് പതിനാലു മാസത്തെ ഭരണത്തിനുള്ളിൽ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാക്കി. കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഏത് കോഴ്സുകളിലും ഇവിടെത്തന്നെ പഠിക്കാനുള്ള അവസരം ഗവൺമെന്റ് സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ കുത്തഴിഞ്ഞ അവസ്ഥയ്ക്ക് ഉത്തരവാദി കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത് പ്ലസ് ടു ഏർപ്പെടുത്തിയതുമൂലമുണ്ടായ ബാദ്ധ്യതകൾ ഈ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുകയാണ്. പ്ലസ് ടു മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് നടത്തിയ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ ഘട്ടം ഘട്ടമായി അംഗീകരിക്കാനും അവർക്ക് ശമ്പളം നൽകാനും ഈ ഗവൺമെന്റ് ബഡ്ജറ്റിൽ തുക മാറ്റി വയ്ക്കുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റ് യാതൊരു മാനദണ്ഡവുമില്ലാതെയാണ് പ്ലസ് ടു കോഴ്സുകളും ബാച്ചുകളും അനുവദിച്ചത്. എഞ്ചിനീയറിംഗ്, മെഡിക്കൽ കോഴ്സുകൾ തുടങ്ങാൻ നിരവധി സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകിയതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്താൻ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്ത് സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകുന്നതിനെ എതിർക്കുന്ന പ്രതിപക്ഷം വിദ്യാഭ്യാസ കച്ചവടക്കാരായ തമിഴ്നാട്, കർണ്ണാടക ലോബിയുടെ താൽപ്പര്യമാണ് സംരക്ഷിക്കുന്നത്. വിദ്യാഭ്യാസരംഗത്ത് കേരളം ഒരു ഡെസ്റ്റിനേഷൻ പോയിന്റാകണം; സെന്റേഴ്സ് ഓഫ് എക്സലൻസ് ഉണ്ടാകണം. സംസ്ഥാനത്തെ നാല് അഫിലിയേറ്റഡ് യൂണിവേഴ്സിറ്റികളെയും ഒരു ഏകീകൃത നിയമത്തിലൂടെ സമാന സ്വഭാവമുള്ളവയാക്കി മാറ്റണം. ഇവയ്ക്ക് മറ്റു യൂണിവേഴ്സിറ്റികളുമായി ബന്ധമുണ്ടാക്കണം. ഒരു ഏകീകൃത സർവ്വകലാശാലാ നിയമം കഴിയുമെങ്കിൽ ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ കൊണ്ടുവരണം. വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന സ്റ്റാഗ്നേഷൻ മാറ്റി പുരോഗതിയിലേക്ക് നയിക്കാൻ പര്യാപ്തമായ ദീർഘവീക്ഷണത്തോടുകൂടിയുള്ള നയം പ്രഖ്യാപിക്കണം. സാംസ്ക്കാരിക രംഗം എൽ.ഡി.എഫ്-ന്റെ കറവപ്പശുവായിരുന്നു. ഈ ഗവൺമെന്റ് ഒട്ടേറെ മാറ്റങ്ങൾ വരുത്തി. സ്പോർട്ടസ് താരങ്ങളെ സംരക്ഷിക്കുന്നതിനായി സമഗ്രമായ ഒരു സ്പോർട്ട്സ് ബിൽ കൊണ്ടുവരണം.

ശ്രീ. പിരപ്പൻകോട് മുരളി: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസം ഒരു സാമൂഹ്യ നിക്ഷേപമാണ്. മാറി മാറി വരുന്ന ഗവൺമെന്റുകൾ അവരവരുടെ ഈഗോ അനുസരിച്ച് വിദ്യാഭ്യാസ മേഖലയിൽ മാറ്റം വരുത്തുന്നത് ശരിയായ നടപടിയല്ല. എൽ.ഡി.എഫ് ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയാകെ രാഷ്ട്രീയവൽക്കരിച്ചുവെന്നത് അടിസ്ഥാനരഹിതമായ ആക്ഷേപമാണ്. ഈ ഗവൺമെന്റിന്റെ തെറ്റായ നയസമീപനം മൂലം പാഠപുസ്തകങ്ങൾ സമയത്തിന് അച്ചടിച്ചു നൽകാൻ കഴിഞ്ഞില്ല. മുൻ ഗവൺമെന്റിന്റെ കാലത്ത് അച്ചടിച്ച പുസ്തകങ്ങൾ വിതരണം ചെയ്യാതെ മാറ്റിവച്ചു. പുതിയ പുസ്തകങ്ങൾ അച്ചടിച്ചതു വഴി വലിയ സാമ്പത്തിക ബാദ്ധ്യതയാണ് സംസ്ഥാനത്തിനുണ്ടാവുന്നത്. 1994-ൽ കേരളത്തിലെ ആറു ജില്ലകളിൽ ആരംഭിച്ച ഡി.പി.ഇ.പി

സംപ്രദായം മറ്റു ജില്ലകളിൽ വ്യാപിപ്പിച്ചതിൽ വേണ്ടത്ര ജാഗ്രത ഉണ്ടായില്ലെന്ന ആക്ഷേപമുണ്ടാകാം. 2010–ൽ അവസാനിക്കുന്ന എസ്.എസ്. എ പദ്ധതിപ്രകാരം 14 വയസ്സിന് താഴെയുള്ളവർക്കു മുഴുവൻ വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യം നേടുന്നതിനുള്ള പരിശ്രമത്തിനിടയിൽ 2244 സ്ക്കൂളുകൾ പൂട്ടാൻ തീരുമാനിച്ചിരിക്കുന്നത് അപഹാസ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ അടക്കം പങ്കെടുപ്പിച്ചുകൊണ്ട് എസ്. എസ്. എ. പദ്ധതി ജനകീയവൽക്കരിക്കണം. സാക്ഷരതാ മിഷന്റെ പ്രവർത്തനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നോംസ് പാലിക്കാൻ തയ്യാറായില്ലെങ്കിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റ് നഷ്ടപ്പെടും. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കഴിഞ്ഞ ഒരു വർഷം ആറരക്കോടി രൂപയുടെ ഗ്രാന്റ് അനുവദിക്കേണ്ട സ്ഥാനത്ത് 2 കോടി രൂപ മാത്രം അനുവദിച്ചതിനാൽ 31 താലൂക്കുകൾക്ക് മാത്രമേ ഗ്രാന്റ് കൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. ഗ്രന്ഥശാലാ സംഘത്തിന്റെ സുവർണ്ണ ജൂബിലി സ്മാരകം പണിയുന്നതിന് കഴിഞ്ഞ സർക്കാർ നൽകിയ 20 സെന്റ് സ്ഥലം തിരിച്ചെടുത്ത നടപടി പുനപരിശോധിക്കണം. ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയിൽ നിന്നും ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയെ പിൻവലിച്ച് 12 (ബി) നടപ്പിലാക്കാൻ കഴിയാത്തതിനാൽ യു. ജി. സി. ഗ്രാന്റ് നഷ്ടപ്പെടുകയും പത്താം ധനകാര്യ കമ്മീഷൻ സംസ്കൃത സർവ്വകലാശാലയെ അംഗീകരിക്കാതിരിക്കുകയും ചെയ്യും. പിരപ്പൻകോട് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര നീന്തൽകുളം സ്വകാര്യ വ്യക്തികളെ ഏല്പിക്കരുത്.

## വ്യക്തിപരമായ വിശദീകരണം

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട കടുത്തുരുത്തി അംഗം ഈ സഭയിൽ എന്റെ പേരിൽ ഉന്നയിച്ച സത്യവിരുദ്ധമായ ആരോപണങ്ങൾ നിഷേധിക്കുന്നു. ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ എന്നല്ല കേരളത്തിലെ ഒരു പ്രസ്സിലും ഒരു പൈസപോലും കൊടുക്കാനില്ല. പത്രസമ്മേളനത്തിൽ എന്നെപ്പറ്റി ആക്ഷേപം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ അംഗത്തിനെതിരായി വക്കീൽ നോട്ടീസ് അയച്ചുകഴിഞ്ഞു. 1999–ൽ എന്റെ പാർട്ടിയിലുണ്ടായിരുന്നതും നിയമസഭാ തെരഞ്ഞെടുപ്പിന് ആറുമാസം മുമ്പ് മാണി ഗ്രൂപ്പിൽ പോയി കോട്ടയം ജില്ലാ വൈസ് പ്രസിഡന്റായി പ്രവർത്തിക്കുന്നതുമായ ഒരു വ്യക്തിയെ ഉപയോഗിച്ചുകൊണ്ടാണ് ഈ ഗൂഢാലോചന നടത്തി ആരോപണം ഉന്നയിച്ചിരിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതി തന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ദയവായി അന്വേഷണം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അന്വേഷണം നടത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): കോരളത്തിൽ സാംസ്ക്കാരിക പൈതൃകത്തിന്റെ ജീവിക്കുന്ന സ്മാരകങ്ങളായ പുരാരേഖകളും പുരാവസ്തുക്കളും സൂക്ഷിക്കേണ്ടത് ഭാവി തലമുറയ്ക്ക് അറിവ് പകരാൻ അനിവാര്യമാണ്. അതിന്റെ ഭാഗമായി തമിഴ്നാട്ടിലെ തലക്കുളത്തുള്ള വേലുത്തമ്പി ദളവയുടെ ജന്മഗൃഹം സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. കൂടാതെ തൃശൂരിലെ ശക്തൻ തമ്പുരാൻ കൊട്ടാരം ചരിത്ര മ്യൂസിയമാക്കുകയും കൊട്ടാരം കോമ്പൗണ്ടിൽ ആർക്കിയോളജിക്കൽ മ്യൂസിയം സ്ഥാപിക്കുകയും ചെയ്യും. തിരുവനന്തപുരത്ത് കിഴക്കേക്കോട്ടയും കൊട്ടാര സമുച്ചയങ്ങളും സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ രണ്ടുകോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കി വരികയാണ്.

സംസ്ഥാനത്ത് വിസ്മൃതിയിലാണ്ടു കിടക്കുന്ന ചരിത്ര പ്രാധാന്യമുള്ള പുരാവസ്തുക്കളെക്കുറിച്ച് ഗ്രാമതലത്തിൽ സർവ്വേ നടത്തുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നുണ്ട്. പുരാരേഖകൾ സംരക്ഷിക്കുന്നതിന് സംസ്ഥാനത്ത് ആർക്കിയോളജിക്കൽ മ്യൂസിയം സ്ഥാപിക്കും. സംസ്ഥാനത്തെ പുരാരേഖകൾ സി. ഡി. റോമിൽ സൂക്ഷിക്കുന്നതിന് പുരാരേഖ വകുപ്പിന്റെ മേഖലാ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കും. പുരാരേഖകൾ ശേഖരിച്ച് സംരക്ഷിക്കാൻ പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും. തിരുവനന്തപുരം മൃഗശാലയുടെ നവീകരണം കേന്ദ്ര സൂ അതോറിറ്റിയുടെ സഹകരണത്തോടെ 2004–ൽ പൂർത്തീകരിക്കും. മൃഗശാലയിൽ കൂടുതൽ മൃഗങ്ങളെ കൊണ്ടുവരും. തൃശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 124 ഹെക്ടർ വനഭൂമി ഫോറസ്റ്റ് വകുപ്പിൽ നിന്നും വിട്ടുകിട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ നേപ്പിയർ മ്യൂസിയം പുനരുദ്ധരിക്കുന്നതിന് 34 ലക്ഷം രൂപയുടെ കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. തൃപ്പൂണിത്തുറ ഹിൽ പാലസ് ഹെറിറ്റേജ് മ്യൂസിയത്തിന്റെ 2–ാം ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും ഹിൽ പാലസ് വികസിപ്പിക്കുന്നതിനും ഒരു ബൃഹത്തായ സ്കീം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ടൂറിസം വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതാണ്. മ്യൂസിയവും സൂവും ബൈഫർക്കേറ്റ് ചെയ്ത് മ്യൂസിയം ആർക്കിയോളജി ഡയറക്ടറേറ്റിന്റെ കീഴിലും സൂ പ്രത്യേകമായും കൊണ്ടുവരുന്നതാണ്. ചെന്നൈ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പുരാരേഖകളും പുരാവസ്തുക്കളും കൈമാറാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): ഇപ്പോൾ രണ്ട് അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ് കൗൺസിലും സ്പോർട്ടസ് അതോറിറ്റിയും അമാൽഗമേറ്റ് ചെയ്ത് സ്പോർട്ട്സ് അതോറിറ്റി ഓഫ് കേരള രൂപീകരിക്കുന്നതാണ്. പൂർണ്ണമായ ഒരു സ്പോർട്ട്സ് ബിൽ കൊണ്ടു വരുന്നതാണ്. സ്കൂൾ സ്പോർട്ട്സ്, റൂറൽ സ്പോർട്ടസ് എന്നീ രണ്ട് തലങ്ങളിൽ സ്പോർട്ടസ് ഡെവലപ്പ് ചെയ്യാൻ ഉദ്ദേശിക്കുന്നു. റൂറൽ സ്പോർട്ട്സ് രംഗത്ത് സ്പോർട്ടസിൽ നൈസർഗ്ഗികവാസന യുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമായി 12 വയസ്സിനുതാഴെയുള്ള കുട്ടികളെ ഉൾപ്പെടുത്തി 100 ഗ്രാമീണ സ്പോർട്ട്സ് പരിശീലന കേന്ദ്രങ്ങൾ ഈ വർഷം ആരംഭിക്കും. കേരളത്തിൽ ആദ്യമായി തിരുവനന്തപുരം ശ്രീ ചിത്രാ പൂവർ ഹോമിലേയും കോഴിക്കോട് മെർക്കസ്റ്റൺ ഓർഫനേജിലേയും കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്പോർട്ട്സ് പരിശീലന കേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ആറ്റിങ്ങലിൽ ഒരു സ്പോർട്ട്സ് കോംപ്ലക്സ് പണിയുന്നതിന് രണ്ടരക്കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പി ച്ചിട്ടുണ്ട്. കഴക്കൂട്ടത്ത് കഠിനംകുളം കായൽ കേന്ദ്രമാക്കി വാട്ടർ സ്പോർട്ട്സ് അക്കാഡമി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്നിരുന്ന പിരപ്പൻകോട് നീന്തൽകുളം, മൂന്നാർ ഹൈ അൾട്ടിട്യൂഡ് ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം എന്നിവയുടെ പ്രവർത്തനം ആരംഭി ക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി എറണാകുളം കേന്ദ്രമാക്കി ഒരു ഫുട്ബാൾ അക്കാഡമി ആരംഭിക്കും. തൃശൂർ, കണ്ണൂർ, എറണാകുളം, എന്നിവിടങ്ങളിൽ സ്പോർട്ടസ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ മാതൃകയിൽ ഒരു പ്രോഗ്രാം ആരംഭിക്കുന്നതാണ്. കണ്ണൂർ കേന്ദ്രമാക്കി ഒരു സ്പോർട്ട്സ് സ്റ്റേഡിയം കോംപ്ലക്സ് ഉണ്ടാക്കുന്നതിന് എട്ടുകോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഉഷാ സ്പോർട്ട്സ് സ്കൂളിന്റെ വളർച്ചയ്ക്ക് കമ്മിറ്റി ആവശ്യപ്പെടുന്ന ഏതു സഹായവും ചെയ്തുകൊടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. പഞ്ചായത്തുകൾക്ക് സ്പോർട്സിന്റെ ഇൻഫ്രാസ്ട്രക്ച്ചർ ഉണ്ടാക്കാൻ ഗവൺമെന്റ് മൂന്നു ലക്ഷം രൂപ സഹായധനം നൽകുന്നതാണ്. 25 എം. എൽ. എ. മാർക്ക് 2 ലക്ഷം രൂപാവച്ച് 50 ലക്ഷം രൂപ സ്പോർട്ട്സ് കൗൺസിലും നീക്കിവച്ചിട്ടുണ്ട്. ഗവൺമെന്റ് നൽകുന്ന തുകയോടൊപ്പം എം. എൽ. എ. മാരുടെ വികസന ഫണ്ടുകൂടി ഉപയോഗപ്പെടുത്തിയാൽ ഓരോ പഞ്ചായത്തിനും ഓരോ മിനി സ്റ്റേഡിയം ഉണ്ടാക്കാൻ സാധിക്കും. സ്കൂളുകളിലെ കളിസ്ഥലം നന്നാക്കിയെടുക്കുന്നതിനുള്ള കേന്ദ്ര സഹായവും അർഹതയുള്ള സ്കൂളുകൾക്ക് ലഭ്യമാക്കുന്നതാണ്. മുമ്പ് പ്രഖ്യാപിച്ചിട്ടുള്ളതും കൊടുത്തു തീർത്തിട്ടില്ലാത്തതുമായ ക്യാഷ് അവാർഡുകൾ പരമാവധി നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും.

ഭക്ഷ്യവും സിവിൽ സപ്ളൈസും വകുപ്പുമന്ത്രി(ശ്രീ. ജി. കാർത്തികേയൻ:) സാംസ്ക്കാരിക സ്ഥാപനങ്ങൾ സ്വയം പര്യാപ്തമാക്കണമെന്നുള്ളതാണ് ഈ സർക്കാരിന്റെ നയം. സാംസ്ക്കാരിക ഡയറക്ടറേറ്റ് അധികം സാമ്പത്തിക ചെലവില്ലാതെ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. ഈ മേഖലയിലെ ജീവനക്കാർക്ക് അടുത്ത മാസം ആദ്യം തന്നെ പെൻഷൻ കൊടുത്തു തുടങ്ങും. സാഹിത്യ വിജ്ഞാനകോശത്തിന്റെ മൂന്നും നാലും വാല്യങ്ങളും സർവ്വ വിജ്ഞാനകോശത്തിന്റെ പന്ത്രണ്ടാം വാല്യവും 2002–ൽ ഇറക്കും. തിരുവനന്തപുരത്തെ വൈലോപ്പിള്ളി സാംസ്ക്കാരിക സംസ്കൃതി ഭവൻ ഒരു സാംസ്കാരിക പഠനകേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംഗീതം, നാടകം എന്നിവയുടെ ഡിജിറ്റൽ ലൈബ്രറി സംഗീത നാടക അക്കാഡമി പൂർത്തിയാക്കി വരുന്നു. ലളിതകലാ അക്കാഡമിയിൽ ദേശീയ ചിത്ര ശിൽപ്പശാല ക്യാമ്പും, സാഹിത്യ അക്കാഡമി, നഗരങ്ങളിൽ ആർട്ടിസ്റ്റ് പരിപാടിയും സംഘടിപ്പിക്കും. ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തുവിദ്യാ ഗുരുകുലത്തിൽ കേരളത്തിലെ വാസ്തുവിദ്യയിൽ പ്രാധാന്യമർഹിക്കുന്ന നിർമ്മിതികൾ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ബുക്ക് മാർക്ക് സൊസൈറ്റി സഞ്ചരിക്കുന്ന പുസ്തകശാല സംഘടിപ്പിക്കും. മൂന്നു വർഷത്തിന് മുൻപ് ഒരു കോടി അൻപത്തിയഞ്ചു ലക്ഷം രൂപയ്ക്ക് കോഴിക്കോട് നടത്തിയ അന്തർദ്ദേശീയ ചലച്ചിത്രോൽസവം 55 ലക്ഷം രൂപയ്ക്ക് തിരുവനന്തപുരത്ത് നടത്തി. ചലച്ചിത്ര അവാർഡുകളും, സാഹിത്യ അക്കാഡമി അവാർഡുകളും പ്രഖ്യാപിക്കുന്ന കാര്യത്തിൽ യാതൊരു എതിർപ്പുമുണ്ടായിട്ടില്ല. സാംസ്ക്കാരിക രംഗത്തെക്കുറിച്ച് ചിലപ്പോൾ മന്ത്രിയെന്ന നിലയിൽ അഭിപ്രായം പറയേണ്ടിവരും. അതിനിടയിൽ ചില പാകപ്പിഴകൾ വന്നെന്നിരിക്കും. ഉദ്യോഗസ്ഥൻമാർ ആയിരുന്നാലും സാംസ്ക്കാരിക രംഗത്തുള്ളവരായിരുന്നാലും ഒരു സ്ഥാനം വിട്ടുപോകുമ്പോൾ അഭിപ്രായവ്യത്യാസത്തിന്റെ പേരിൽ ലേഖനവും മറ്റും എഴുതുന്നത് ശരിയല്ല. എവിടെയെങ്കിലും ചില ബുദ്ധിമുട്ടുകൾ വന്നാൽ അതിനെ നിയന്ത്രിച്ചുകൊണ്ടുപോകാനുള്ള വൈഭവം അവർ കാണിക്കണം. സാംസ്ക്കാരികരംഗത്തെ പ്രവർത്തനങ്ങൾ മുൻപോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): വിദ്യാഭ്യാസവകുപ്പിലേക്കുള്ള ധനാഭ്യർത്ഥനയിന്മേൽ നടന്ന ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മക നിർദ്ദേശങ്ങൾ സമർപ്പിച്ച അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു. വിദ്യാഭ്യാസമേഖലയിൽ ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികൾക്ക് ലഭ്യമാക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സാമ്പത്തികമായി വളരെ പ്രയാസമനുഭവിക്കുന്ന സാഹചര്യത്തിലാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്. മാറിയ സാഹചര്യങ്ങൾക്ക് അനുസരിച്ച് വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാനും കുട്ടികളുടേയും രക്ഷിതാക്കളുടേയും വിദ്യാഭ്യാസ ആവശ്യം കണ്ടെത്താനുമുള്ള ഏക മാർഗ്ഗം എന്നുള്ള നിലയ്ക്കാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചത്. ഹയർ സെക്കന്ററി വിദ്യാഭ്യാസ രംഗത്ത് പ്രതിസന്ധി തരണം ചെയ്യാൻ ഈ ഗവൺമെന്റിനു കഴിഞ്ഞു. 9,000-ഓളം അദ്ധ്യാപകർക്ക് അംഗീകാരം കൊടുത്ത് ശമ്പളം കൊടുക്കാൻ സാധിച്ചു; ശേഷിക്കുന്നവർക്കും കൊടുക്കുന്നതാണ്. പാഠപുസ്തകത്തിന്റെ ഉള്ളടക്കത്തിൽ അക്കാഡമിക് ഘടകങ്ങൾക്ക് പ്രാധാന്യം കുറച്ചുള്ള മാറ്റമാണ് സുകുമാരൻ നായർ കമ്മിറ്റി റിപ്പോർട്ട് ചെയ്തത്. അതിനനുസരിച്ച് സാമൂഹ്യപാഠം, ശാസ്ത്രം തുടങ്ങിയവയ്ക്കാണ് മാറ്റം ഉണ്ടാക്കിയത്. കൂടുതൽ അർത്ഥപൂർണ്ണമായ ഭാഗങ്ങൾ ഉൾക്കൊള്ളിക്കുകയും പഠനമൂല്യം കുറഞ്ഞവ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രീയമായ മൂല്യ നിർണ്ണയം പുന:സ്ഥാപിക്കുകയും എഴുത്തുപരീക്ഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുകയും ചെയ്തിട്ടുണ്ട്. ഐ.ടി. പഠനം മറ്റ് വിഷയങ്ങളോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇംഗ്ളീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ വേണ്ടിയുള്ള പ്രവർത്തനമെന്നുള്ള നിലയ്ക്ക് മൂന്നാം ക്ളാസ്സ് മുതൽ ഇംഗ്ളീഷ് പഠിപ്പിക്കാൻ തീരുമാനിക്കുകയും ഇംഗ്ളീഷ് പുസ്തകങ്ങൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2500-ഓളം സ്കൂളുകളിൽ രണ്ടു മാസത്തിനകം കമ്പ്യൂട്ടർ കൊടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 43 പരിശീലന കേന്ദ്രങ്ങളിൽക്കൂടി എല്ലാ സ്കൂളുകളിലേയും കുട്ടികൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സോഫ്ട്വെയർ തയ്യാറാക്കി എല്ലാ സ്കൂളുകളിലും എത്തിക്കാനുള്ള നടപടികൾ പൂർത്തിയായി. പ്രാദേശിക വിഭവസമാഹരണത്തിലൂടെ ആവശ്യമുള്ള ബാക്കി സംഖ്യ കണ്ടെത്താനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി.ക്ക് വിവിധ വിഷയങ്ങളോടൊപ്പം കമ്പ്യൂട്ടർ ഒരു സബ്ജക്ട് എന്നുള്ള നിലയ്ക്ക് ഏർപ്പെടുത്തുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഗ്രേസ് മാർക്ക് സമ്പ്രദായവും 'സേ' പരീക്ഷാ സമ്പ്രദായവും ഈ വർഷം നടപ്പിലാക്കി. സ്കൂളുകളിലെ ലൈബ്രറി സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചു. ഗുണനിലവാരമുള്ള അദ്ധ്യാപക പരിശീലനം നടപ്പിലാക്കും. പി.ടി.എ. നടത്തുന്ന പ്രൈമറി സ്കൂളുകളിലെ ടീച്ചർമാരുടെ നിയന്ത്രണം പഞ്ചായത്തുകളെ ഏല്പിക്കുന്ന കാര്യം ബന്ധപ്പെട്ട മന്ത്രിയുമായി ആലോചിച്ച് ചെയ്യുന്നതാണ്. സാക്ഷരതാ പ്രവർത്തനം കഴിഞ്ഞ കാലത്തേക്കാൾ നന്നായി നടക്കുന്നു. നാലാം ക്ളാസ്സ് വരെയുള്ള കുട്ടികൾക്കും ഏഴാം ക്ളാസ്സ് വരെ പഠിച്ച ആളുകൾക്കും ഇക്വലൻസി പ്രോഗ്രാം സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എസ്.എസ്.എൽ.സി. വരെ പഠിക്കാത്ത ഒരാളും കേരളത്തിൽ ഉണ്ടാകാൻ പാടില്ല എന്ന ലക്ഷ്യത്തോടുകൂടി തുടർവിദ്യാഭ്യാസ പദ്ധതിയുടെ കൂടെ ഏവർക്കും വിദ്യാഭ്യാസം എന്നെന്നും

വിദ്യാഭ്യാസം എന്ന പദ്ധതിക്ക് രൂപം കൊടുത്തിരിക്കുകയാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി കുട്ടികൾക്ക് അഡ്മിഷന് കൊടുക്കുന്ന സംവരണം ഹയർ സെക്കന്ററി തലത്തിലും അനുവ ദിക്കാൻ ഉദ്ദേശിക്കുന്നു. എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ എല്ലാ കുട്ടികൾക്കും ഹയർ സെക്കന്ററി തലത്തിൽ പഠിക്കാനുള്ള അവസരം ഉണ്ടാകണം. അൺ എയിഡഡ് സ്കൂളുകളിൽ അടിസ്ഥാന സൗകര്യം നോക്കി ഹയർ സെക്കന്ററി കോഴ്സിന് ആപ്ളിക്കേഷൻ ക്ഷണിക്കുകയും പരിശോധന നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വമ്പിച്ച കുതിച്ചുകയറ്റമുണ്ടാക്കാൻ സാധിച്ചു. കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി കോടിക്കണക്കിനു രൂപ കോഴ കൊടുത്ത് മറ്റു സംസ്ഥാനങ്ങളിൽ പോയി പഠിക്കേണ്ട സാഹചര്യവും ഒഴിവാക്കാൻ സാധിച്ചു. ഏകീകൃത യൂണിവേഴ്സിറ്റി നിയമം കൊണ്ടുവരികയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനേതന്നെ അതിനെക്കുറിച്ച് ആലോചിച്ചിരുന്നു. ഏകീകൃത നിയമം കൊണ്ടുവരുന്നതിനോടനുബന്ധിച്ച് സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, നിലവാരത്തകർച്ച തടയുക, പൊതു മുതൽമുടക്കിനനുസരണമായ ഫലപ്രാപ്തി ഉണ്ടാക്കുക തുടങ്ങിയ പല കാര്യങ്ങളുമുണ്ട്. കൃഷി, വ്യവസായം, വാണിജ്യം എന്നീ രംഗങ്ങളെക്കുറിച്ച് സർവ്വകലാശാലകൾക്ക് ഒരു കാഴ്ചപ്പാട് ഉണ്ടാകണം. ഗ്ളോബൽ ഇൻവെസ്റ്റുമെന്റിന്റെ ഭാഗമായി മൂന്നാർ, നെല്ലിയാമ്പതി, വയനാട് എന്നിവിടങ്ങളിൽ സ്വകാര്യ മുതൽമുടക്കിൽ ഇന്റർ നാഷണൽ സ്കൂൾ ആരംഭിക്കാനുള്ള നടപടി എടുത്തുവരുന്നു. ഇതിന്റെ ഫലമായി നമ്മുടെ രാജ്യത്തുനിന്നും വെളിയിൽ പോയ കുട്ടികൾക്ക് സ്വന്തം നാട്ടിൽ വിദേശ നിലവാരത്തിലുള്ള ഇന്റർ നാഷണൽ കോഴ്സുകൾ പഠിക്കാൻ അവസരം കിട്ടുന്നതാണ്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിന്റെ ഫലമായി 1700–ൽ ചില്ലാനം അദ്ധ്യാപകർക്ക് ജോലിയില്ല; ഗവൺമെന്റ് ശമ്പളം കൊടുക്കണം. റീ–ഡിപ്ളോയ്മെന്റ് ഏർപ്പെടുത്താൻ സാധിച്ചിട്ടില്ല. അതുപോലെ ഹയർ സെക്കന്ററി രംഗത്തും അദ്ധ്യാപകരെ മാറ്റി നിശ്ചയിക്കണമെന്ന് ഗവൺമെൻറ് ഉത്തരവായിട്ടുണ്ട്; സമയബന്ധിതമായി തീരുമാനമെടുത്ത് പുനർവിന്യാസം പൂർത്തിയാക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഒരു എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിച്ചത്. ഒരു വിദ്യാഭ്യാസ നയം നമ്മുടെ സംസ്ഥാനത്തിന് ആവശ്യമാണ്. അതിനുവേണ്ടി നിയമിച്ച കമ്മിറ്റി ആ നയത്തിന് രൂപം നല്കും. നിങ്ങളുടെ കാലത്ത് ഉണ്ടായിരുന്ന ലിസ്റ്റിലുള്ള ആദായകരമല്ലാത്ത 48 സ്കൂളുകൾ പൂട്ടി. ബാക്കിയുള്ളവയുടെ കാര്യത്തിൽ ഘട്ടംഘട്ടമായി തീരുമാനമെടുക്കുന്നതാണ്. അൺ എയിഡഡ് പ്ളസ് ടൂവിന്റെ മാനദണ്ഡം എന്നു പറയുന്നത് മെറിറ്റ് അടിസ്ഥാനത്തിൽ 40 ശതമാനവും മാനേജുമെന്റ് ക്വാട്ട 40 ശതമാനവും എസ്.സി/എസ്.ടി.ക്ക് 20 ശതമാനവുമാണ്. അൺ എയിഡഡ് സ്കൂളിനെ സംബന്ധിച്ചും എയിഡഡ് സ്കൂളിനെ സംബന്ധിച്ചും മറ്റും കിട്ടിയിട്ടുള്ള പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്. മാത്രവുമല്ല, പഠിച്ച സ്കൂളിൽ പ്ളസ് 1–ന് അഡ്മിഷൻ കിട്ടാതെ വരുന്ന സാഹചര്യമുണ്ടായാൽ അവർക്ക് റിസർവേഷൻ കൊടുക്കുന്ന സംവിധാനത്തെക്കുറിച്ചും നാം കൂട്ടായി ആലോചിക്കേണ്ടതുണ്ട്. പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിന്റെ വിദ്യാഭ്യാസ താല്പര്യത്തിനുവേണ്ടി അനുഭാവപൂർണ്ണമായ സമീപനമാണ് ഉണ്ടാകേണ്ടത്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന 31-നെതിരെ 67 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ ഉച്ചയ്ക്കുശേഷം 1.50-ന് പിരിഞ്ഞു.

..................